# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5141 23/03/2018-ൽ മറുപടിയ്ക്ക്

**ബിവറേജസ് കോർപ്പറേഷനിലെ സെക്യൂരിറ്റി വിഭാഗം ജീവനക്കാർ**

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | ഉത്തരം<br>ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ സെക്യൂരിറ്റി വിഭാഗം ജീവനക്കാരെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സപ്ലൈ ചെയ്യുന്നത് ഏതെല്ലാം സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കാമോ; | (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ സെക്യൂരിറ്റി വിഭാഗം ജീവനക്കാരെ നിയമിക്കുന്നത് കരാറടിസ്ഥാനത്തിലാണ്. താഴെപ്പറയുന്ന ഏജൻസികൾക്കാണ് കരാർ നൽകിയിട്ടുള്ളത്.<br>1. ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവ്വീസസ് & സെക്യൂരിറ്റിസ് തിരുവനന്തപുരം.<br>2. ബി.ആർ.ജോബ് കൺസൾട്ടൻസി, പാലോട്.<br>3. ബ്രോഡ് വ്യൂ സെക്യൂരിറ്റീസ് & മാൻപവർ സർവ്വീസ്, കൊച്ചി<br>4. എ.കെ.ജി. മെമ്മോറിയൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, തലശ്ശേരി. |
| (ബി) ഓരോ സ്ഥാപനവും എത്ര കാലമായി സെക്യൂരിറ്റി ജീവനക്കാരെ സപ്ലൈ ചെയ്യുന്നതിനുള്ള കോൺട്രാക്റ്റിൽ ബിവറേജസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നുവെന്നും ഓരോ സ്ഥാപനത്തിനും കരാർ നൽകുന്നതിന് സ്വീകരിച്ച വരുന്ന നടപടികളും മാനദണ്ഡങ്ങളും വിശദീകരിക്കാമോ; | (ബി) കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളിൽ സെക്യൂരിറ്റി വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് 2017 മാർച്ച് 9-ാം തീയതി മുതൽ ഒരു വർഷ കാലത്തേയ്ക്കാണ് ഏജൻസികളുമായി കരാറിലേർപ്പെട്ടിരിക്കുന്നത്. വെയർ ഹൗസുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനായി 2012 ജൂലൈ മുതൽ ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവ്വീസസ് & സെക്യൂരിറ്റീസ്, തിരുവനന്തപുരം എന്ന ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ, |

| | |
|---|---|
| | പൊതുമേഖലാ സ്ഥാപനങ്ങളിൽ KEXCON എന്ന ഏജൻസി മുഖേന സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കണമെന്ന് സർക്കാർ സർക്കുലർ ഉണ്ടായിരുന്നെങ്കിലും ചില്ലറ വില്പനശാലകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് KEXCON വിമുഖത കാണിച്ചതിനാൽ ചില്ലറ വില്പനശാലകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് സ്വകാര്യ ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നതിന് ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനമെടുക്കുകയും. ആയതിൻപ്രകാരം ചില്ലറ വില്പനശാലകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് 2016 നവംബർ മാസം ടെണ്ടർ ക്ഷണിക്കുകയും നോട്ടീസ് പ്രകാരം പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആയതുപ്രകാരം ടെണ്ടറിൽ 7 ഏജൻസികൾ പങ്കെടുക്കുകയും, കോർപ്പറേഷൻ നിശ്ചയിച്ചിരുന്ന കുറഞ്ഞ നിരക്കായ 67.45 രൂപ/മണിക്കൂർ എന്ന നിരക്ക് 4 ഏജൻസികൾ സമർപ്പിക്കുകയും, ടി 4 ഏജൻസികളും ഒരുമിച്ച് 4 മേഖലകളിലായി സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനുള്ള കരാർ എടുക്കാമെന്ന് സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 4 ഏജൻസികൾക്ക് കരാർ നല്കുകയും ചെയ്തു. |
| (സി) 2016-17-ലും 2017-18 ലും കരാർ പുതുക്കിയത് എപ്പോഴാണെന്നും എന്ത് അടിസ്ഥാനത്തിലാണ് കരാർ പുതുക്കിയതെന്നും വ്യക്തമാക്കുമോ; | (സി) 2016-17 കാലഘട്ടത്തിൽ ഷോപ്പുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിരുന്നില്ല. 2017-18 കാലഘട്ടത്തിലാണ് ടി കരാർ നൽകിയത്. 2017 മാർച്ച് മുതൽ ഒരു വർഷ കാലത്തേയ്ക്കാണ് കരാർ ഒപ്പിട്ടിരുന്നത്. ടി കരാർ കാലാധി 2018 മാർച്ച് 8-ാം തീയതി അവസാനിച്ച സാഹചര്യത്തിൽ പുതിയ ടെണ്ടർ ക്ഷണിക്കുന്നതുവരെ ടി ഏജൻസികളുമായുള്ള കരാർ കാലാവധി |

| | | | |
|---|---|---|---|
| | | | നീട്ടി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | 2016-17, 2017-18 വർഷങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരെ സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചതെപ്പോഴാണെന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ഡി) | 2016-17 കാലഘട്ടത്തിൽ ഷോപ്പുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നിനായി കരാർ ക്ഷണിച്ചിരുന്നില്ല. 2017-18 കാലഘട്ടത്തിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനായി 2016 നവംബറിലാണ് ടെണ്ടർ അപേക്ഷ ക്ഷണിച്ചത്. ടി ടെണ്ടറിൽ 7 ഏജൻസികൾ പങ്കെടുക്കുകയുണ്ടായി. |
| (ഇ) | ഓരോ ഏജൻസിയും/സ്ഥാപനവും എത്ര സെക്യൂരിറ്റി ജീവനക്കാരെ സപ്ലൈ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ഇ) | <u>ചില്ലറ വില്പനശാലകളിൽ</u><br>1) ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവീസസ് & സെക്യൂരിറ്റീസ്- 252<br>2) ബി.ആർ.ജോബ് കൺസൾട്ടൻസി -352<br>3) ബ്രോഡ് വ്യൂ സെക്യൂരിറ്റീസ് & മാൻപവർ സർവ്വീസ് - 300<br>4) എ.കെ.ജി മെമ്മോറിയൽ ലേബർ കോൺട്രാക്ട് സൊസൈറ്റി - 294<br><u>വെയർഹൗസുകളിൽ</u> ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവ്വീസസ് & സെക്യൂരിറ്റീസ് മുഖേന 113 സെക്യൂരിറ്റി ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. |
| (എഫ്) | ഓരോ സെക്യൂരിറ്റി ജീവനക്കാരനും ബിവറേജസ് കോർപ്പറേഷൻ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എഫ്) | മണിക്കൂറിൽ 67.45 രൂപ കരാറിൽ നിർദ്ദേശിച്ച നിരക്കിലാണ് കോർപ്പറേഷൻ വേതനം മേൽപ്പറഞ്ഞ ഏജൻസികൾക്കു അനുവദിച്ചു നൽകുന്നത് |
| (ജി) | ബിവറേജസ് കോർപ്പറേഷൻ നൽകുന്ന വേതനം സെക്യൂരിറ്റി ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണോ അതോ ഏജൻസിയുടെ അക്കൗണ്ടിലേക്കാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | കോർപ്പറേഷൻ നൽകുന്ന വേതനം അതാത് ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് കൈമാറുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ